# ‘യഹോവ എന്റെ ഇടയൻ’

സങ്കീർത്തനങ്ങൾ 23:1–3

‘‘യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല. പച്ചയായ പുൽപ്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു; സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്കു എന്നെ നടത്തുന്നു. എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു; തിരുനാമം നിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു’’

കുട്ടിക്കാലം മുതൽ വീട്ടിൽ പറഞ്ഞുപഠിക്കുന്നതും ഏവർക്കും കാണാപാഠം ആയിരിക്കുന്നതുമായ ഈ സങ്കീർത്തനം വാസ്തവത്തിൽ ഉച്ചരിക്കാൻ നാം അർഹരാണോ? എന്നെങ്കിലും അങ്ങനെ ഒരു ചിന്ത നമ്മെ ഭരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു നാം നമ്മെ തന്നെ ഒന്നു ശോധന ചെയ്യേണ്ടത് ആവശ്യമാണ്. കാരണമെന്തെന്നായിരിക്കും നിങ്ങൾ ഇപ്പോൾ ചിന്തിക്കുന്നത്.

നമുക്കതിന്റെ ആദ്യ ഭാഗം തന്നെയെടുത്തു നോക്കാം. അവിടെ ഇപ്രകാരം പറയുന്നു ‘യഹോവ എന്റെ ഇടയനാകുന്നു’. ഈ മൂന്നു വാക്കുകൾ എടുത്തു നോക്കിയാൽ അതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു വാക്കാണ് ‘എന്റെ’ എന്നുള്ളത്. കാരണം, ആ വാക്യത്തിൽ നിന്ന് ‘എന്റെ’ എന്നുള്ള വാക്ക് എടുത്ത് മാറ്റിയാൽ ‘യഹോവ ഇടയനാകുന്നു’ എന്നു വായിക്കാം.

നമുക്കറിയാം എപ്രകാരം ഒരു ഇടയന്റെ ജീവിതം, അവൻ മേയിക്കുന്ന ആടുകളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന്. ഏത്ര പ്രതികൂലമായ അവസ്ഥയാണെങ്കിലും അവൻ തന്റെ ആടുകൾക്ക് വേണ്ടി സ്വന്ത ജീവനെ തന്നെ മറന്ന് അവയെ എല്ലാറ്റിൽ നിന്നും സംരക്ഷിച്ച് നിർത്തുവാൻ ശ്രമിക്കും. അതു തന്നെയല്ലെ നമ്മുടെ കർത്താവും നമുക്ക് വേണ്ടി ചെയ്തത്. ആ നല്ലിടയൻ സ്വന്ത രക്തം കാൽവറിയിലെ കുരിശ്ശിൽ ഒഴുക്കിയതുവഴി സർവ്വ പാപങ്ങളിൽ നിന്നുമുള്ള മോചനം സാദ്ധ്യമായി. ഇതിന്ന് ആരെല്ലാം വിശ്വാസത്തോടെ ഏറ്റെടുത്തുവോ അവർക്കെല്ലാം അവൻ രക്ഷ ദാനമായി നൽകി അവന്റെ ആട്ടിൻ കൂട്ടത്തിൽ ചേർത്തു.

ഇനി വീണ്ടും നമ്മുടെ ചിന്തയിലേക്ക് കടന്നു വരാം. ‘എന്റെ’ എന്നുള്ള വാക്കിന്റെ പ്രാധാന്യമാണ് നാം ചിന്തിച്ചുകൊണ്ടിരുന്നത്. ‘യഹോവ എന്റെ ഇടയനാകുന്നു’ എന്നു പറയുമ്പോൾ അവിടെ നല്ലിടയനായ യഹോവ വാസ്തവത്തിൽ ‘എന്റെ’ ഇടയനാണോ എന്ന് നാം ഇന്നു ഒന്നു ചിന്തിക്കുന്നത് നന്നായിരിക്കും. കാരണം അവൻ നമുക്ക് വേണ്ടി കുരിശ്ശിൽ മരിച്ച് നമ്മുടെ പാപങ്ങൾക്ക് പരിഹാരമായി എന്ന് വിശ്വസിച്ച് അവനെ

പിൻപറ്റുന്ന ഒരു വ്യക്തിക്ക് മാത്രമേ അവൻ ‘എന്റെ’ ഇടയൻ എന്നു പറയാൻ സാധിക്കുകയുള്ളൂ. അവൻ സർവ്വ ജനതയ്ക്കും രക്ഷ വരേണ്ടതിന് മരിച്ചു എങ്കിലും ആ രക്ഷാ പദ്ധതിയെ മനസ്സിലാക്കുകയും അത് ഏറ്റെടുക്കുകയും ചെയ്തവർക്കു മാത്രമേ അത് അവരുടെ ജീവിതത്തിൽ അനുഭവിക്കാനുള്ള ഭാഗ്യം ലഭിക്കുകയുള്ളൂ. കാരണം; റോമർ 5:8–ൽ പറയുന്നു “ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു.” അതിനാൽ ഇത് ഓരോരുത്തർക്കും അവരവരുടെ സ്വകാര്യ തീരുമാനമായി നിലനിൽക്കുന്നു. യഹോവ ‘എന്റെ’ ഇടയനാണോ? അങ്ങനെയാണെങ്കിൽ ‘ഞാൻ’ അവനുള്ളതും എന്റെ സർവ്വ കാര്യങ്ങളും നടത്തുവാൻ അവൻ മതിയായവനും ആയിരിക്കും.

തുടർന്നുള്ള വാക്യങ്ങളിൽ വായിക്കുന്നു, പച്ചയായ പുൽപ്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു; സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്കു എന്നെ നടത്തുന്നു. എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു; തിരുനാമം നിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു. എന്തൊരു സാന്ത്വനമേകുന്ന വരികളാണിവ. ഒരു ആടിനെ സംബന്ധിച്ചിടത്തോളം അവന്റെ ഇടയൻ അവനെ മേയുവാൻ വേണ്ടി ഏറ്റവും നല്ല പച്ചപ്പുള്ള പ്രദേശത്തേക്ക് കൊണ്ടുപോകണമേ എന്നായിരിക്കും ആഗ്രഹിക്കുന്നത്. അവിടെ എത്തി നല്ലതുപോലെ പച്ചപ്പുല്ലൊക്കെ തിന്ന് ക്ഷീണിതനായി നിൽക്കുമ്പോൾ അവൻ അവയെ നല്ല വെള്ളം കുടിപ്പാനായി നദീതടങ്ങളിലേക്കോ വെള്ളമുള്ളയിടങ്ങളിലേക്കോ നയിക്കുന്നു. അതുമൂലം അവയുടെ ശരീരത്തെയാകമാനം ഒരു തണുപ്പിന്റെ അല്ലെങ്കിൽ കുളിർമ്മയുടെ അനുഭവത്തിലേക്ക് കടത്തിക്കൊണ്ടുപോകാൻ സാധിക്കുന്നു.

ഒരു തരത്തിൽ പറഞ്ഞാൽ നമ്മുടെ കർത്താവായ ക്രിസ്തു അവന്റെ യഥാർത്ഥ ആടുകളെ എങ്ങനെ നയിക്കും എന്നു വളരെ ലളിതമായി കാണിച്ചു തന്നിരിക്കുകയാണിവിടെ. നമ്മെ ഏറ്റവും സമൃദ്ധിയായി ജീവിക്കുമാറാക്കുകയും നമുക്ക് വേണ്ടത് അതിന്റെ സമയങ്ങളിൽ നൽകിത്തരികയും നമ്മെ മറോട് ചേർത്ത് നമ്മുടെ പ്രണനെ സാന്ത്വനപ്പെടുത്തുകയും ചെയ്യുന്ന നല്ലിടയനായി ക്രിസ്തുവിനെ നമുക്കിവിടെ കാണാം. പക്ഷെ നാം അവന്റെ ശബ്ദം കേട്ട് അവന്റെ വഴിയെ അനുഗമിപ്പാൻ തയ്യാറാണോ? അവൻ ആരെയും നിർബന്ധിച്ച് അവന്റെ പാതയിൽ നടത്തുവാൻ ആഗ്രഹിക്കുന്നില്ല. സ്വമനസ്സാലെ അവന്റെ ശബ്ദം ശ്രവിച്ച് അവന്റെ വഴിയെ അവനെ പിൻപറ്റുക, അനുസ്സരണയുള്ള ആടുകളെ പോലെ ഇടയന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് നമ്മുടെ ജീവിതത്തെ ക്രമീകരിക്കുക. അത്ര മാത്രമേ അവൻ നമ്മിൽ നിന്നാഗ്രഹിക്കുന്നുള്ളൂ.

അങ്ങനെയെങ്കിൽ ഇന്നു മുതൽ നമ്മുടെ ജീവിതത്തിൽ ആ ഇടയന്റെ സ്വരം മാത്രം കേൾക്കുമാറാകട്ടെ. മറ്റു ചിന്തകളും വിചാരങ്ങളും എല്ലാം മാറ്റി വെച്ച് അവന്റെ പാതയെ

പിന്തുടരാം. അതിനു ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 145:8–9

“യഹോവ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയും ഉള്ളവൻ. യഹോവ എല്ലാവർക്കും നല്ലവൻ; തന്റെ സകലപ്രവൃത്തികളോടും അവന്നു കരുണ തോന്നുന്നു.”

ബ്രദർ ബിനു ബേബി ആലപ്പുഴ 26